(ഇ) 2005-06-ലെ ബഡ്ജറ് വിഹിതത്തിൽ പരിമിതപ്പെടുത്തി കാഞ്ഞിരപ്പുഴ, പെരിയാർ ബാരേജ്, ചിമ്മിണി, വാഴാനി എന്നീ ഡാമുകളുടെ സുരക്ഷാ പ്രവൃത്തികൾ അംഗീകരിക്കുന്നതിനുള്ള ആക്ഷൻ പ്ലാൻ സർക്കാരിന്റെ പരിശോധനയിലാണ്.

വെള്ളക്കരം

8 [383] ശ്രീ. പി. കെ. കെ. ബാവ:
,, സി. ടി. അഹമ്മദ് അലി:
,, സി. മമ്മൂട്ടി:
,, കളത്തിൽ അബ്ദുള്ള:
,, നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളത്തിന്റെ ഉപഭോഗം വർദ്ധിക്കാതെ തന്നെ വെള്ളത്തിന് മാസം തോറും കൊടുക്കേണ്ട തുക വാട്ടർ അതോറിറ്റി വർദ്ധിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വെള്ളത്തിന്റെ ഉപഭോഗത്തിനനുസരിച്ച് വർദ്ധിപ്പിച്ച കരം കുറയ്ക്കുന്നതിനും പരാതി കൊടുത്താൽ പരിഗണിക്കുന്നതിനും ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രൊവിഷണൽ ഇൻവോയ്സ് കാർഡ് സമ്പ്രദായം അനുസരിച്ച് കൂടുതൽ വെള്ളക്കരം ഈടാക്കിയതായി ബോദ്ധ്യപ്പെടുന്ന മുറയ്ക്ക് അവ പുനഃക്രമീകരിച്ച് അധികം അടച്ച തുക ഭാവിയിലെ വെള്ളക്കരത്തിൽ വകയിരുത്തുവാനുള്ള സംവിധാനം നിലവിലുണ്ട്. എന്നാൽ സർചാർജ് ആയി ഈടാക്കുന്ന തുക കുറയ്ക്കുന്നതിന് നിലവിലുള്ള നിയമം അനുവദിക്കുന്നില്ല.

ബാങ്ക് നിക്ഷേപം വർദ്ധിപ്പിക്കുന്നതിന് ആകർഷകമായ പദ്ധതികൾ

9 [384] ശ്രീ. എൻ. രാജൻ:
,, കെ. പി. രാജേന്ദ്രൻ:
,, പി. എസ്. സുപാൽ:
,, പി. നാരായണൻ:
,, മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ദേശസാൽകൃത ബാങ്കുകളുടെയും ഷെഡ്യൂൾഡ് ബാങ്കുകളുടെയും നിക്ഷേപം ഇപ്പോൾ എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) സഹകരണ ബാങ്കുകൾ, കെ.എസ്.എഫ്.ഇ. തുടങ്ങിയ പൊതുമേഖലയിലുള്ള ധനകാര്യ സ്ഥാപനങ്ങളുടെ നിക്ഷേപം എത്ര വീതമാണെന്നറിയിക്കുമോ;

(സി) ബാങ്കുകൾ ഇപ്പോൾ നൽകുന്ന പലിശ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly